## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3742 15/05/2017-ൽ മറുപടിയ്ക്ക്

## പുതുപ്പാടി ഗവ: ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ജോർജ് എം. തോമസ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 400 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ ഹൈസ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസന ത്തിനായി ബജറ്റിൽ തുക ഉൾപ്പെടുത്തിയ പ്പോൾ തിരുവമ്പാടി മണ്ഡല ത്തിലെ പുതുപ്പാടി ഗവ: ഹൈസ്കൂൾ ഉൾപ്പെടാതിരു ന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാ ക്കുമോ;<br><br>(ബി) പട്ടിക സമർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയി ട്ടുണ്ടോ; എങ്കിൽ ഇത് പരിഹരി ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) പുതുപ്പാടി ഗവ: ഹൈസ്കൂളിനെ പട്ടികയിൽ ഉൾപ്പെടുത്തുന്ന തിന് നടപടികൾ സ്വീകരി ക്കുമോ; വ്യക്തമാക്കാമോ? | (എ) & (ബി) & (സി) സർക്കാർ ഹൈസ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ capital head-ലാണ് തുക പൊതുവായി വകയിരുത്തു ന്നത്. അടിസ്ഥാന സൗകര്യ വികസനം ആവശ്യമായ സ്കൂളുകളുടെ എസ്റ്റിമേറ്റും, പ്ലാനും ഉൾപ്പെടെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും, പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുകയു മാണ് പതിവ് രീതി. 26/04/2017-നാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഈ സാമ്പത്തിക വർഷത്തെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം നടന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഒരു ശുപാർശയും ടി യോഗത്തിന്റെ പരിഗണനയ്ക്കായി ലഭിച്ചിരുന്നില്ല.<br><br>1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളെ അടിസ്ഥാനസൗകര്യ വികസനത്തിനായി പരിഗണിച്ചിട്ടുള്ളത്. പ്രസ്തുത നിബന്ധന പാലിക്കുവാൻ സാധിക്കാത്ത നിയോജക മണ്ഡലങ്ങളിൽ 400 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളേയും അടിസ്ഥാനസൗകര്യവികസന ത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതി നായി നിയോജകമണ്ഡലം എം.എൽ.എ യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിച്ചിട്ടുണ്ട്. അപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ ടി സ്കൂൾ ഉൾപ്പെട്ടതായി കാണുന്നില്ല. |

Sheela [signature]

സെക്ഷൻ ഓഫീസർ